# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4171

03/02/2014-ൽ മറുപടിയ്ക്ക്

### കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജലവിഭവ പദ്ധതികൾ

ചോദ്യം
ശ്രീമതി പി. അയിഷാപോറ്റി

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

മറുപടി
ശ്രീ.പി .ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. കുളക്കട പഞ്ചായത്തിലെ വെണ്ടാർചിറ.
2. കൊട്ടാരക്കര പഞ്ചായത്തിലെ വേലംകോണം ചിറ.
3. എഴുകോൺ പഞ്ചായത്തിലെ വട്ടമൺകാവ് ഏല .
4. വെളിയം പഞ്ചായത്തിലെ കുറിയല്ലൂർ ഏല.
5. വെളിയം പഞ്ചായത്തിലെ പുല്ലാനിക്കോട് ഏലചിറ.

കൂടാതെ നടപ്പു സാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ എഴുകോൺ- തുണ്ടിൽ ഭാഗം, പവിത്രേശ്വരം - മാറനാട്, മൈലം - കാർത്തികപ്പള്ളി കോളനി (എം.പി.സ്കീം) എന്നീ സ്ഥലങ്ങളിൽ ഭൂജലവകുപ്പ് ജലവിതരണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) ഈ വർഷം ഇനിയും നടപ്പിലാക്കാനുള്ള പദ്ധതികളുടെ പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) പരിഗണനയിലുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

I. <u>തടയണയുടെ നിർമ്മാണം</u>.

1. വെളിയം പഞ്ചായത്തിൽ പുല്ലാനി ഏലായ്ക്കു സമീപം തടയണ നിർമ്മാണം.
2. കരിപ്ര പഞ്ചായത്തിൽ കുടിക്കോട് തോട്ടിൽ തടയണ നിർമ്മാണം.
3. കൊട്ടാരക്കര പഞ്ചായത്തിൽ നവോദയ സ്കൂളിനു സമീപം തടയണ നിർമ്മാണം.
4. ഉമ്മന്നൂർ പഞ്ചായത്തിലെ വാളകം തോട്ടിൽ തടയണ നിർമ്മാണം.

II. <u>ഒരു പഞ്ചായത്തിൽ ഒരു കുളം</u>

1. കരിപ്ര പഞ്ചായത്തിലെ തൃപ്പലഴികംകുളം.
2. വെളിയം പഞ്ചായത്തിലെ പൂവന്നയിൽ ചിറ.
3. മൈലം പഞ്ചായത്തിലെ കാരൂർചിറ.
4. ഏഴുകോൺ പഞ്ചായത്തിലെ കണ്ണാടിക്കുളം

III. <u>വെള്ളപ്പൊക്ക കെടുതികൾ</u>

1. കുളക്കട പഞ്ചായത്തിൽ ആർട്ട് ഓഫ് ലിവിങ് സെന്ററിനടുത്തായി കല്ലട നദിയുടെ ഇടതു ഭാഗത്തെ പുനരുദ്ധാരണ പണികൾ.
2. കുളക്കട പഞ്ചായത്തിൽ കല്ലടനദിയുടെ ഇടതുഭാഗത്ത് ഇടിഞ്ഞ കടവിന് മുകൾഭാഗത്തെ പുനരുദ്ധാരണ പണികൾ.
3. കുളക്കട പഞ്ചായത്തിൽ തെങ്ങും പുഴകടവ് ഭാഗത്ത് കല്ലടയാറിന്റെ ഇടതുകരഭാഗത്ത് പുനരുദ്ധാരണ പണികൾ

IV. <u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

കല്ലടയാറിൽ കുളക്കട പഞ്ചായത്തിലെ വടശ്ശേരി മഠം ഭാഗത്തിനു സമീപം ഇടതുകരയുടെ സംരക്ഷണ പണികൾ.

V. <u>ടൂറിസം ഫണ്ട്.</u>

കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പുലമൺതോടിലെ മീൻപിടിപ്പാറ ടൂറിസം വികസന കേന്ദ്രത്തിന്റെ പണികൾ.

കൂടാതെ കൊട്ടാരക്കര നെടുവത്തൂർ കുടിവെള്ളപദ്ധതി പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ